**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള ഓംബുഡ്സ്മാന് ഔദ്യോഗിക ആവശ്യത്തിനായി പുതിയ വാഹനം വാങ്ങുന്നതിന് പ്രത്യേക അനുമതി നല്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഐ.എ) വകുപ്പ്**

**സ.ഉ.(കൈ) നം.164/2019/തസ്വഭവ. തീയതി,തിരുവനന്തപുരം: 19/12/2019**

---

പരാമർശം:- . തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കു വേണ്ടിയുള്ള ഓംബുഡ്സ്മാൻ കാര്യാലയം സെക്രട്ടറിയുടെ 23.11.2018 -ലെ എ 1/4367/2011/ഒ.ബി.ഡി.എൻ. നമ്പർ കത്ത്.

**ഉത്തരവ്**

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കു വേണ്ടിയുള്ള ഓംബുഡ്സ്മാന് കേരളത്തിലെ എല്ലാ ജില്ലകളിലും മാസത്തിൽ ഒരു പ്രാവശ്യമെങ്കിലും യാത്ര ചെയ്ത് സിറ്റിംഗ് നടത്തി കേസുകൾ തീർപ്പാക്കേണ്ടതുണ്ട്. ബഹു:ഓംബുഡ്സ്മാൻ ഔദ്യോഗിക ആവശ്യങ്ങൾക്കായി ഉപയോഗിച്ചുകൊണ്ടിരുന്ന വാഹനം 2018 ആഗസ്റ്റ് മാസത്തിലുണ്ടായ പ്രളയത്തിൽപ്പെട്ട് തകരാറിലാവുകയും തുടർന്ന് ടി വാഹനം കണ്ടം ചെയ്യുകയും ചെയ്തിരുന്നു. ഔദ്യോഗിക വാഹനം ലഭ്യമല്ലാത്തതുകൊണ്ട് ക്യാമ്പ് സിറ്റിംഗുകൾ മാറ്റി വയ്ക്കുകയോ മറ്റു ജില്ലകളിലെ പൊതുജനങ്ങളും ബന്ധപ്പെട്ടവരും തിരുവനന്തപുരത്ത് എത്തി കേസുകളിൽ ഹാജരാകുകയോ ആണ് നിലവിൽ ചെയ്തുവരുന്നത്. അതിനാൽ ബഹു: ഓംബുഡ്സ്മാന്റെ ഔദ്യോഗിക ആവശ്യങ്ങൾക്കായി ഒരു പുതിയ INNOVA CRISTA (GX – Model) കാർ വാങ്ങുന്നതിന് അനുമതി നല്കണമെന്ന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കു വേണ്ടിയുള്ള ഓംബുഡ്സ്മാൻ കാര്യാലയം സെക്രട്ടറി പരാമർശ കത്ത് പ്രകാരം അഭ്യർത്ഥിച്ചിട്ടുണ്ട്.

(2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കു വേണ്ടിയുള്ള ഓംബുഡ്സ്മാന്റെ ഔദ്യോഗിക ആവശ്യങ്ങൾക്കായി INNOVA CRISTA (GX – Model) കാർ വാങ്ങുന്നതിന് പ്രത്യേക അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**(ഗവർണറുടെ ഉത്തരവിൻ പ്രകാരം)**
**റ്റി.കെ.ജോസ്**
**അഡീഷണൽ ചീഫ് സെക്രട്ടറി**

സെക്രട്ടറി, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കു വേണ്ടിയുള്ള ഓംബുഡ്സ്മാൻ കാര്യാലയം, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരളം, തിരുവനന്തപുരം
ഡയറക്ടർ. കേരള സംസ്ഥാന ആഡിറ്റ് വകുപ്പ്
ധനകാര്യ (ഡെവ. വിംഗ്) വകുപ്പ് (Vide U.O.(Remarks)No.Dev-3/112/2019-Fin Dated 14/08/2019)
പൊതുഭരണ (എസ്.സി) വകുപ്പ്
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
കരുതൽ ഫയൽ/ഓഫീസ് കോപ്പി

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**